SAMAGRA PLUS

# വാർഷിക മൂല്യനിർണ്ണയം 2024-25

## മാതൃകാചോദ്യങ്ങൾ

## മലയാളം

## കേരളപാഠാവലി

സമയം: 1½ മണിക്കൂർ

ക്ലാസ് : 9 സ്കോർ : 40

---

നിർദ്ദേശങ്ങൾ
ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയം
ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കുക
നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക
ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക . ഒരു സ്കോർ വീതം .** ( 4 x 1 = 4 )

1." ഞാൻ പറന്നുകാണാൻ പോകുന്ന ലോകങ്ങൾക്കിനി എഴുന്നൂറ് വർണ്ണങ്ങൾ ."

(സ്വാതന്ത്ര്യംതന്നെ ജീവിതം)

ഈ വാക്യത്തിന്റെ ആശയത്തിന് ഏറ്റവും യോജിച്ച പ്രസ്താവന ഏത് ?

- സ്വാതന്ത്ര്യം മഹത്തരമാണ് .
- ലോകത്തിന് പല വർണ്ണങ്ങളാണ്.
- ചിറകുകൾക്ക് സൗന്ദര്യമുണ്ട്.
- സ്വാതന്ത്ര്യദിനം സുന്ദരമാണ്.

2." പാക്യം ! വേഗം വാ ! കുട്ടി എന്തോ ഓർത്ത് വെഷമിക്കണൊണ്ട് !"

(തത്തക്കൂട്ട് )

ഈ സംഭാഷണത്തിൽ തെളിയുന്നതെന്ത് ?

- തത്തയ്ക്ക് കുട്ടിക്കൃഷ്ണനോടുള്ള അനിഷ്ടം.
- ഭാഗ്യലക്ഷ്മിയും കുട്ടിക്കൃഷ്ണനും തമ്മിലുള്ള സ്നേഹം.
- കുട്ടിക്കൃഷ്ണന്റെ സങ്കടത്തിലുള്ള തത്തയുടെ ആഹ്ലാദം
- തത്തയും കുട്ടിക്കൃഷ്ണനും തമ്മിലുള്ള അടുപ്പം.

3. ചിരിയും പ്രശംസാവചനങ്ങളും പിന്നാലെ പണവും പ്രവഹിച്ചു.
പ്രശംസാവചനങ്ങൾ എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

- പ്രശംസയാകുന്ന വചനങ്ങൾ
- പ്രശംസയും വചനങ്ങളും
- പ്രശംസ എന്ന വചനങ്ങൾ
- പ്രശംസ നിറഞ്ഞ വചനങ്ങൾ

4." പൂന്തേൻ കൂട്ടിക്കനികളുരുട്ടി
പ്രിയമോടൂട്ടാനില്ലാരും" (പുളിമാവു വെട്ടി)

കവി ഇങ്ങനെ പറഞ്ഞതിന്റെ പൊരുളെന്ത്?

- പ്രിയപ്പെട്ടവർക്ക് ഭക്ഷണമൊരുക്കാൻ കഴിയാത്ത സങ്കടം.
- പ്രകൃതിനാശം സർവനാശത്തിന് കാരണമാവുമെന്ന സങ്കടം.
- പുളിമാവു വെട്ടി സമ്പത്ത് നേടാൻ കഴിയില്ലെന്ന നിരാശ.
- പൂന്തേനും കനികളും ഊട്ടുന്നതിലുള്ള അനിഷ്ടം.

5. ശരിയായ പദച്ചേരുവ കണ്ടെത്തി എഴുതുക .

- പണമെത്രയും - പണം,മെത്രയും
- ചന്തമുള്ള -ചന്ത, ഉള്ള
- അജ്ഞാതമായ -അജ്ഞാതം, മായ
- മാറിയകന്ന് -മാറി ,അകന്ന്

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക .** (2 x 2 = 4)

6 ."മറ്റുള്ളവരെപ്പോലെ ഇവരും ദൈവത്തിന്റെ മക്കളാണ് "

(അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം)

ഈ വാക്കുകളിൽ തെളിയുന്ന സന്ദേശം രണ്ട് സൂചനയായി എഴുതുക

7."കാണുന്നുണ്ട്
അവരുടെ കണ്ണുകളിൽ;
അനേകമക്ഷരങ്ങൾ."

(കാണുന്നുണ്ടനേകമക്ഷരങ്ങൾ)

ഈ വരികളുടെ അർഥവ്യാപ്തി കണ്ടെത്തി എഴുതുക .

8. അർഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കുക .

സുജിത്തും സുനിതയും അനാഥരായി. അവർ അമ്മൂമ്മയുടെ വീട്ടിലെത്തി.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

**4 സ്കോർ വീതം .** (5 x 4 = 20 )

9. "മുഖത്തെ നരച്ച രോമക്കാടുകളെ നനച്ച് കണ്ണീർത്തുള്ളികൾ മെല്ലെ താഴേക്കൊഴുകുന്നത് കനിവോടെ നോക്കി. പിന്നെ ,ചുണ്ടുകൊണ്ട് രോമക്കാടുകളിൽ മെല്ലെ ചികഞ്ഞ് ആശ്വസിപ്പിച്ചു.
കുട്ടീ! കരയല്ലേ ...കരയല്ലേ..." (തത്തക്കൂട്ട്)

കഥാന്ത്യത്തിലെ ഈ സന്ദർഭം കഥയെ കൂടുതൽ ഭാവതീവ്രമാക്കുന്നതിന് എത്രമാത്രം പര്യാപ്തമാണ്? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

10. "അവരുടെ ആത്മവിശ്വാസത്തിൽനിന്ന് വെള്ളവും വളവും വലിച്ചെടുത്തു വളർന്ന ആ കിഴങ്ങുകളിലൊരെണ്ണം കടിച്ച് ഒരു ജന്മം മുഴുവൻ മധുരിച്ചുകൊണ്ട് ഞാൻ തിരിഞ്ഞുനടന്നു ".

(മധുരക്കിഴങ്ങ് തിന്നുന്നവർ)

പ്രതിസന്ധികളെ ആത്മവിശ്വാസത്തോടെ നേരിടുമ്പോഴാണോ ജീവിതം പ്രകാശപൂർണ്ണമാകുന്നത് ?

തന്നിരിക്കുന്ന സൂചനയും പാഠഭാഗത്തെ മറ്റ് ആശയവും ഉൾപ്പെടുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

11.“കുളിച്ചു വൃത്തിയായ്
ഇറയത്ത് വഴി -
ക്കണ്ണുമായിരിക്കുന്ന
കറുത്ത കുഞ്ഞുങ്ങൾ.”

(കാണുന്നുണ്ടനേകമക്ഷരങ്ങൾ)

സാമൂഹികജീവിതത്തിലുണ്ടായ എന്തെല്ലാം മാറ്റങ്ങളാണ് കവി ആവിഷ്കരിക്കുന്നത് ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

12. ”നിനക്കതിന് ആവില്ല, മാധവാ. ഞാൻ കാക്കുന്നില്ല.”

(അച്യുതമ്മാമ )

ഈ വാക്കുകൾ മാധവൻ എന്ന കഥാപാത്രത്തെക്കുറിച്ചുള്ള വിലയിരുത്തലായി മാറുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

13. “അല്ലലെന്തു കഥയിതു കഷ്ടമേ!
അല്ലലാലങ്ങു ജാതിമറന്നിതോ ?
നീചനാരിതൻ കൈയാൽ ജലം വാങ്ങി -
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ.”

(സുകൃതഹാരങ്ങൾ)

മാതംഗിയുടെ വാക്കുകൾ അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

14 “നമ്മുടെ സർവകഴിവും ഉപയോഗിക്കാനുള്ള നിശ്ചയത്തോടുകൂടി വേണം ജോലിയെ സമീപിക്കുന്നത്. അത് മറ്റുള്ളവരുടെ സുഖസൗകര്യങ്ങൾ വർധിപ്പിക്കുമെന്ന വിശ്വാസവും നമുക്കുണ്ടാവണം.”

(കെ.പി. കേശവമേനോൻ)

"കൊടിയ കരിങ്കൽക്കുന്നുകൾ ഞങ്ങടെ -
യടിയേറ്റാകെത്തകരുമ്പോൾ
ഉഴുതുമറിക്കാനെന്തേ പാടി -
പ്പുതുമണ്ണിൽ കുതുകാർദ്രതകൾ .”

(തിരുനല്ലൂർ കരുണാകരൻ)

രണ്ടു രചനാഭാഗത്തും തെളിയുന്ന അധ്വാനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ രണ്ട് എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . ആറു സ്കോർ വീതം . (2 x 6 = 12 )

15. ”പോ പൂച്ചേ! അവൾ ഞങ്ങടെ മോളാ ! തൊട്ടുപോകരുത്! ”
“പുലി വന്നേ! പുലി വന്നേ! എന്നു കൂകിവിളിച്ച ഒരുത്തന്റെ കഥ കേട്ടിട്ടൊണ്ടോ നീയ്?”

(തത്തക്കൂട്ട്)

സൂചനകളും കഥയിലെ മറ്റ് സന്ദർഭങ്ങളും വിശകലനം ചെയ്ത് ഭാഗ്യലക്ഷ്മി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16.”അതിലെ കോറസ് ആവർത്തിക്കുന്നതിനിടയിൽ, അമ്മയുടെ ശബ്ദം ഇടറുന്നത് എല്ലാ

നിഷ്കളങ്കതയോടെയും ഞാനനുകരിച്ചു .അത് കാണികളിലുണ്ടാക്കിയ ആകർഷണം എന്നെ വിസ്മയിപ്പിക്കുകയും ചെയ്തു." (ചിരിയുടെ അരങ്ങേറ്റം)

ചാർലി ചാപ്ലിന്റെ അനുഭവം നമുക്കുനൽകുന്ന തിരിച്ചറിവുകൾ വിശകലനം ചെയ്തു 'പ്രതിസന്ധികളും ജീവിതവിജയവും'എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.'

17.കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക .

ജീവിതഗാനം

എന്തൊന്നാൽ ഭൂദേവി ചൈതന്യമേലുന്നു,
ചന്തം പുലർത്തുന്നു സർവകാലം,
ഹൃദ്യമജ്ജീവിതമാസ്വദിച്ചാസ്വദി,
ച്ചദ്യഞാൻ ധന്യരിൽ ധന്യനായേൻ.
എന്നുടെ ശ്വാസനിശ്വാസമരുത്തിലു-
ണ്ടെണ്ണിയാൽ തീരാത്ത ജീവജാലം
മൺതരിയോരോന്നും ജീവശതങ്ങൾക്കു
മന്ദിരമാകും ബ്രഹ്മാണ്ഡമല്ലൊ.
പാറിയും നീന്തിയു,മോടിയും ചാടിയും
പോരടി,ച്ചന്യോന്യമോമനിച്ചും
വാഴ്കയാണെപ്പോഴുമെമ്പാടും പ്രാണികൾ,
ലോകൈകവിത്തിൻ പണിത്തരങ്ങൾ,
കണ്ണീരും പുഞ്ചിരിപ്പാലും കലർന്നൊരീ
മന്നിലെ ജീവിതവാഹിനിയിൽ
പാവമാമെന്നെയും കൂടിയൊഴുക്കിയ
പാവനാത്മാവേ ഞാൻ കൈ തൊഴുന്നേൻ

(വൈലോപ്പിള്ളി )

SAMAGRA PLUS

# വാർഷിക മൂല്യനിർണ്ണയം 2024-25
## മലയാളം - കേരളപാഠാവലി
## ഉത്തരസൂചകങ്ങൾ

ക്ലാസ്സ് 9

| ചോദ്യ നമ്പർ | സൂചന | സ്കോർ | ആകെ |
|---|---|---|---|
| 1 | സ്വാതന്ത്ര്യം മഹത്തരമാണ് | 1 | 1 |
| 2 | തത്തയും കുട്ടിക്കൃഷ്ണനും തമ്മിലുള്ള അടുപ്പം | 1 | 1 |
| 3 | പ്രശംസിക്കാനുള്ള വചനങ്ങൾ | 1 | 1 |
| 4 | പ്രകൃതിനാശം സർവനാശത്തിന് കാരണമാവുമെന്ന സങ്കടം | 1 | 1 |
| 5 | മാറിയകന്ന് - മാറി ,അകന്ന് | 1 | 1 |
| 6 | • എല്ലാവരും സഹോദരങ്ങളാണ്.<br>• എല്ലാവരും തുല്യപരിഗണനയും. അവകാശവും അർഹിക്കുന്നു.<br>• അനുയോജ്യമായ മറ്റു സൂചനകളും | 1<br>1 | 2 |
| 7 | • സാമൂഹികമായ അസമത്വം ഇല്ലാതാകുന്നു.<br>• പിന്നാക്കജനതയുടെ ജീവിതം പ്രകാശപൂർണ്ണമാകുന്നു.<br>• അറിവിന്റെ ലോകം അവർക്ക് പുതിയ തിരിച്ചറിവുകൾ നൽകിയിരിക്കുന്നു. | 1<br>1 | 2 |
| 8 | • അനാഥരായ സുജിത്തും സുനിതയും അമ്മൂമ്മയുടെ വീട്ടിലെത്തി. | 2 | 2 |
| 9 | • സന്ദർഭത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>• വിലയിരുത്തിയിട്ടുണ്ട്<br>• സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്<br>• ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1<br>1<br>1<br>1 | 4 |

| | | | |
|---|---|---|---|
| 10 | • പ്രസ്താവനയുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • പാഠഭാഗവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് . | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 11 | • കാവ്യസന്ദർഭത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട് . | 1 | 4 |
| | • വിശകലനം ചെയ്തിട്ടുണ്ട് | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 12 | • കഥാസന്ദർഭത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • കഥാപാത്രത്തിന്റെ മനോഭാവം തിരിച്ചറിഞ്ഞ് വിശകലനം ചെയ്തിട്ടുണ്ട്. | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 13 | • കാവ്യസന്ദർഭത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • സാമൂഹികാവസ്ഥകൾ കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട് . | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട് . | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 14 | • രണ്ടു രചനാഭാഗങ്ങളിലെയും ആശയം കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട് . | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |

| | | | |
|---|---|---|---|
| 15 | • കഥാപാത്രത്തിന്റെ സ്ഥാനം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | 6 |
| | • കഥാപാത്രത്തിന്റെ ജീവിതവീക്ഷണം, സ്വഭാവസവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | • സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2 | |
| 16 | • വിഷയത്തെക്കുറിച്ച് പരമാവധി ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. | 2 | 6 |
| | • കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | • സ്വന്തം നിലപാടുകൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട്. | 2 | |
| | • പ്രഭാഷണത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. | 1 | |
| 17 | • കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട് . | 1 | 6 |
| | • ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | • സമകാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |

SAMAGRA